**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3553** **15-02-2024 - ൽ മറുപടിയ്ക്ക്**

**തിരൂരങ്ങാടി മണ്ഡലത്തിൽ പട്ടയം അനുവദിക്കുന്നതിനുള്ള നടപടി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി തീരപ്രദേശത്തെ കോളനികളിലുള്ള താമസക്കാർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിച്ചോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി തീരപ്രദേശത്തെ കോളനികളിലുള്ള താമസക്കാർക്ക് പട്ടയം അനുവദിക്കുന്ന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടില്ല. സംസ്ഥാനത്ത് വിവിധ സർക്കാർ പുറമ്പോക്കുകളിൽ താമസിക്കുന്ന അർഹരായ കൈവശക്കാർക്ക് നിയമപരവും സാങ്കേതികവുമായ തടസ്സങ്ങൾ പരിഹരിച്ച് പട്ടയം നൽകുന്ന നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി രൂപീകരിച്ച പട്ടയ മിഷനിൽ ഉൾപ്പെടുത്തി ഈ വിഷയം പരിശോധിച്ച്, അർഹരായവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനാവശ്യമായ നിർദ്ദേശം ജില്ലാ കളക്ടർക്ക് നൽകിയിട്ടുള്ളതും അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ ജില്ലാ തലത്തിൽ നടന്നു വരികയുമാണ്. |
| (ബി) | ഈ കോളനികളിൽ ഉള്ള താമസക്കാർക്ക് പട്ടയം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും ഉത്തരവുകളോ സർക്കുലറുകളോ നിർദ്ദേശങ്ങളോ ഇറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പുകൾ സഹിതം വിശദമാക്കാമോ? | (ബി) | പ്രസ്തുത കോളനികളിൽ ഉള്ള താമസക്കാർക്ക് പട്ടയം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവുകളോ സർക്കുലറുകളോ പുറപ്പെടുവിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ